സമകാലിക മലയാളം വാരിക

# ഗാന്ധിഭവൻ സ്നേഹത്തിന്റെ വീട്

ആധുനിക ഉപഭോഗ സംസ്കാരത്തിന്റെ വകഭേദങ്ങളായി മാറിയ അനാഥത്വത്തിനെതിരെ പ്രതിരോധം തീർത്ത് രൂപം പ്രാപിച്ച ആലംബഹീനരുടെ അഭയകേന്ദ്രമാണ് പത്തനാപുരം ഗാന്ധിഭവൻ.

കൈക്കുഞ്ഞുങ്ങൾ മുതൽ നൂറു വയസ്സുവരെ പ്രായമുള്ള ആയിരത്തോളം അഗതികൾക്ക് സ്നേഹത്തിന്റെ തണലൊരുക്കിയിരിക്കുന്നത് ഗാന്ധിഭവന്റെ ജീവനാഡിയായ ഡോ. പുനലൂർ സോമരാജനാണ്. ഭാര്യ പ്രസന്ന, മക്കളായ അമൽ രാജ്, അമിതാരാജ് എന്നിവക്കൊപ്പം ഗാന്ധിഭവനിൽ അന്തേവാസികൾക്കൊപ്പം താമസിച്ച് സേവന പ്രവർത്തനങ്ങൾക്കായി സോമരാജൻ ആത്മസമർപ്പണം നടത്തിയിരിക്കുന്നു.

ആരോരും സംരക്ഷിക്കാനില്ലാതെ നിരാലംബയായി കഴിഞ്ഞിരുന്ന പാറുക്കുട്ടിയമ്മയെക്കുറിച്ചറിഞ്ഞ് അവരെ സന്ദർശിക്കുവാനെത്തിയ സോമരാജന്, നിലംപൊത്താറായ കുടിലിൽ വിറങ്ങലിച്ചു കഴിഞ്ഞിരുന്ന ആ വൃദ്ധയെ ഉപേക്ഷിച്ചു തിരിച്ചുപോരാൻ മനസ്സുവന്നില്ല. ആ അമ്മയെ കൂട്ടിക്കൊണ്ടുവന്ന് പത്തനാപുരത്ത് ഒരു വാടക വീടെടുത്ത് അവിടെ താമസിപ്പിച്ചു. അത് ഗാന്ധിഭവൻ എന്ന മഹാപ്രസ്ഥാനത്തിന്റെ തുടക്കമായിരുന്നു.

പൂർണ്ണമായും ഗാന്ധിയൻ ആശയങ്ങളെ പിന്തുടർന്ന്, സമൂഹത്തിലെ കഷ്ടതയനുഭവിക്കുന്നവരെ സഹായിക്കുവാനും സാന്ത്വനപ്പെടുത്തുവാനും, പുതിയ തലമുറയിൽ സത്യവും വിജ്ഞാനവും വളർത്തുവാനും നിരന്തരം പ്രയത്നിക്കുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടായി മാറിയിരിക്കുകയാണ് ഗാന്ധിഭവൻ. ലോകപ്രശസ്ത കലാ സാംസ്കാരിക പ്രവർത്തകരും, ദേശീയ-സംസ്ഥാന രാഷ്ട്രീയത്തിലെയും മാധ്യമങ്ങളിലെയും പ്രഗത്ഭരും നിരന്തരം സന്ദർശിച്ച് സാമൂഹ്യസേവനത്തിലെ ഗാന്ധിഭവന്റെ വേറിട്ട മാതൃക അടിവരയിടുകയാണ്.

കരുണാർദ്രതയുള്ളവരുടെ സഹായം മാത്രമാണ് ഇപ്പോൾ ഗാന്ധിഭവന്റെ പ്രയാണത്തിന് പിൻബലം. വാടകക്കെട്ടിടം മതിയാകാതെ വന്നപ്പോൾ സ്വന്തം സമ്പാദ്യം മുഴുവൻ വിറ്റുപെറുക്കിയാണ് സോമരാജനും കുടുംബവും ഒന്നരയേക്കർ സ്ഥലം വാങ്ങിയത്.

ഇന്ന് കേരളത്തിലെ ഏറ്റവും വലിയ കുടുംബമാണ് ഗാന്ധിഭവൻ. ഇവിടുത്തെ അംഗങ്ങൾ അനാഥരല്ല. അനാഥരായി വന്ന് സനാഥരായവരാണ്. അനാഥരില്ലാത്ത ഇന്ത്യയെയാണ് ഗാന്ധിഭവൻ സ്വപ്നം കാണുന്നത്. കാലിഫോർണിയയിൽ നിന്ന് എത്തിയ എമിലിക്കും, മനുഷ്യക്കടത്തിൽ ദുരിതമനുഭവിച്ച ശ്രീലങ്കൻ അഭയാർത്ഥികൾക്കും ഗാന്ധിഭവൻ അഭയം നൽകുകയുണ്ടായി.

ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് തൊഴിൽ പരിശീലനം നൽകുന്ന, സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും കേന്ദ്ര സർക്കാർ നാഷണൽ ട്രസ്റ്റിന്റെയും അംഗീകാരമുള്ള ഗാന്ധിഭവൻ സ്പെഷ്യൽ സ്കൂൾ, സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ഗാർഹിക പീഡനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് സർക്കാർ നിയമിച്ച സർവ്വീസ് പ്രൊവൈഡർ, കേരള ഹൈക്കോടതിയുടെ കീഴിലുള്ള കെൽസ ലീഗൽ എയ്ഡ് ക്ലിനിക്ക്, സംസ്ഥാന വനിതാ കമ്മീഷന്റെ എ ഗ്രേഡ് അംഗത്വം, ലഹരിയിൽ നിന്ന് പൂർണ്ണ മോചനം നേടാനുള്ള കസ്തൂർബാഗാന്ധിഭവൻ ലഹരി ചികിത്സാ പുനരധിവാസകേന്ദ്രം എന്നിവ ഗാന്ധിഭവനിലെ ചില സേവനങ്ങളാണ്. മലയാളത്തിലെ ആദ്യത്തെ ജീവകാരുണ്യ മാസിക 'സ്നേഹരാജ്യ'വും ഗാന്ധിഭവനിൽ നിന്ന് പുറത്തിറങ്ങുന്നു.


ഗാന്ധിഭവനിലെ അമ്മമാരോടൊപ്പം സെക്രട്ടറി പുനലൂർ സോമരാജൻ

കൊല്ലം ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നിരാലംബരായ വൃദ്ധജനങ്ങൾക്കായി കരീപ്രയിൽ ഗാന്ധിഭവൻ ശരണാലയം, 50 വയസ്സിനു മേൽ പ്രായമുള്ള ഒറ്റപ്പെട്ടു കഴിയുന്ന വനിതകൾക്കായി ശാസ്താംകോട്ട ഭരണിക്കാവിൽ ഗാന്ധിഭവൻ സ്നേഹക്കൂട്, കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്ന അടൂർ ഏഴംകുളത്തെ ഫിനിക്സ് പാലിയേറ്റീവ് കെയർ ഹോസ്പിറ്റൽ തുടങ്ങിയവയും ഗാന്ധിഭവന്റെ അനുബന്ധ സ്ഥാപനങ്ങളാണ്.

കിടപ്പുരോഗികളും മാനസികരോഗികളുമുൾപ്പെടെ എല്ലാ വിഭാഗത്തിലും പെടുന്നവർ വസിക്കുന്ന ഈ വലിയ കൂട്ടുകുടുംബത്തിലെ അംഗങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയ ദൈനംദിന ചെലവുകൾ താങ്ങാനാകാത്തതാണ്. കാരുണ്യനിധികളുടെ ദയാവായ്പുകളാണ് ഗാന്ധിഭവനെ നിലനിറുത്തുന്നത്.

ഗാന്ധിഭവനിലെ അഗതികൾക്ക് അന്നദാനം പുണ്യമാണ്.

*ഗാന്ധിഭവന്റെ വിലാസം :*
ഗാന്ധിഭവൻ, പത്തനാപുരം, കൊല്ലം, 689695
ഫോൺ : 0475 2355573, 9447049945, 9605057000
www.gandhibhavan.org | gandhibhavan@gmail.com

**പത്തനാപുരം ഗാന്ധിഭവൻ സന്ദർശിക്കുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.**